# പൊതുവിദ്യാഭ്യാസഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിദ്ധ്യം: ശ്രീ. ജീവൻ ബാബു. കെ, ഐ.എ.എസ്)**

**വിഷയം:-** പൊതുവിദ്യാഭ്യാസം - സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണപദ്ധതി - സ്കൂൾ പാചക തൊഴിലാളികൾക്ക് 2020 മാർച്ച് മാസത്തെ ഓണറേറിയം ഇനത്തിലുള്ള കുടിശ്ശിഖ അലോട്ട്മെന്റായി അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:-** 1. 17/08/2019 ലെ സ.ഉ(സാധാ)നം.3298/2019/പൊ.വി.വ

2. 08/04/2020 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.എ3/12314/2019/ ഡി.ജി.ഇ നമ്പർ നടപടി ഉത്തരവ്

**ഉത്തരവ് നം. എൻ.എം.എ 3/24295/2019/ഡി.ജി.ഇ തീയതി 08/04/2020**

സംസ്ഥാനത്ത് കോവിഡ് 19 വൈറസ് വ്യാപനത്തിനെതിരെയുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾക്ക് മാർച്ച് മാസം രണ്ടാം വാരത്തിന്റെ പകുതിയോട് കൂടി സർക്കാർ അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്കൂളുകളിലെ പാചകതൊഴിലാളികൾക്ക് മാർച്ച് മാസം കുറച്ച് ദിവസങ്ങളിലെ ഓണറേറിയം മാത്രമാണ് അനുവദിച്ച് നൽകിയിരുന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ സ്കൂൾ പാചകതൊഴിലാളികളെ ദിവസ വേതന തൊഴിലാളികളായി കണക്കാക്കി മാർച്ച് മാസത്തെ 22 പ്രവർത്തി ദിവസങ്ങൾക്കുള്ള ഓണറേറിയം അനുവദിച്ച് നൽകുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

2020-21 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിലായി വിവിധ ശീർഷകങ്ങളിലായി തുക വകകൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിലുള്ള പാചകതൊഴിലാളികൾക്ക് 2020 മാർച്ച് മാസം ഓണറേറിയം ഇനത്തിലുള്ള കുടിശ്ശിഖ നൽകുന്നതിനായി ഏകദേശം **16,34,68,800/- രൂപ (പതിനാറ് കോടി മുപ്പത്തി നാല് ലക്ഷത്തി അറുപത്തി എട്ട് ആയ്യിരത്തി എണ്ണൂറ് രൂപ മാത്രം)** ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്ന പാചകതൊഴിലാളികൾക്ക് 2020 മാർച്ച് മാസത്തെ കുടിശ്ശിഖ ഓണറേറിയം വിതരണം ചെയ്യുന്നതിനായി **16,34,68,800/- രൂപ (പതിനാറ് കോടി മുപ്പത്തി നാല് ലക്ഷത്തി അറുപത്തി എട്ട് ആയ്യിരത്തി എണ്ണൂറ് രൂപ മാത്രം)** 2202-01-112-89-plan(state additional Assistnace) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| Sl. No. | Name of Beneficiary | Reference | Amount |
|---|---|---|---|
| 1 | THIRUVANANTHAPURAM | Cook Honorarium | 12248280 |
| 2 | KOLLAM | Cook Honorarium | 11131560 |
| 3 | PATHANAMTHITTA | Cook Honorarium | 8268480 |
| 4 | ALAPPUZHA | Cook Honorarium | 9313920 |

| | | | |
|---|---|---|---|
| 5 | KOTTAYAM | Cook Honorarium | 10775160 |
| 6 | IDUKKI | Cook Honorarium | 6652800 |
| 7 | ERNAKULAM | Cook Honorarium | 12212640 |
| 8 | THRISSUR | Cook Honorarium | 12664080 |
| 9 | PALAKKAD | Cook Honorarium | 13163040 |
| 10 | MALAPPURAM | Cook Honorarium | 21490920 |
| 11 | KOZHIKODE | Cook Honorarium | 16667640 |
| 12 | WAYANAD | Cook Honorarium | 4526280 |
| 13 | KANNUR | Cook Honorarium | 16643880 |
| 14 | KASARGOD | Cook Honorarium | 7710120 |
| TOTAL | | | 163468800 |

**(പതിനാറ് കോടി മുപ്പത്തി നാല് ലക്ഷത്തി അറുപത്തി എട്ട് ആയിരത്തി എണ്ണൂറ് രൂപ മാത്രം)**

ടി തുക 2202-01-112-89-plan(state additional Assistnace) എന്ന ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നും പിൻവലിച്ച് മേൽ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം അലോട്ട്മെന്റ് മുഖേന അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനാവശ്യമായ നടപടി സീനിയർ ഫിനാൻസ് ആഫീസർ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് അനുബന്ധ പട്ടിക പ്രകാരമുള്ള തുക റീ അലോട്ട്മെന്റ് ചെയ്തു നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഈ ചെലവിനം 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലെ 2202-01-112-89-plan(state additional Assistnace) കണക്ക് ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതാണ്.

**ജീവൻ ബാബു. കെ, ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**ഉള്ളടക്കം**

അനുബന്ധ പട്ടിക

**സ്വീകർത്താവ്**

സൂപ്രണ്ട്, ബഡ്ജറ്റ് സെക്ഷൻ

**പകർപ്പ്:-**

1. എല്ലാ വിദ്യാഭ്യാസ ഉപഡറക്ടർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. സീനിയർ ഫിനാൻസ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
5. എൻ.എം.എ1 സെക്ഷൻ
6. കരുതൽ ഫയൽ/ ആഫീസ് കോപ്പി.

MENTORS KERALA